(സി)&(ഡി) ചില രാഷ്ട്രീയപാർട്ടികൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നും ഇത് ഇലക്ഷൻ കമ്മീഷന്റെ പരിഗണനയിലാണെന്നും ഗ്രാമപഞ്ചായത്തുകളുടെ നിയോജകമണ്ഡല വിഭജന നടപടികൾ പൂർത്തിയാക്കുന്നതിനു മുമ്പ് ഇതു സംബന്ധിച്ച അവസാന തീരുമാനം എടുക്കുന്നതാണെന്നും ഇലക്ഷൻ കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (574) ഉദാരവൽക്കരണ സ്വകാര്യവൽക്കരണ നയം

ശ്രീ. പി. രാഘവൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. ദാസൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ നയം സംസ്ഥാനത്തെ വ്യവസായമേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ ഏതെല്ലാം വ്യവസായങ്ങളാണ് പ്രതിസന്ധിയെ നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ സ്വകാര്യവൽക്കരണ നയം നടപ്പാക്കിയതിന്റെ ഫലമായി സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ ഓഹരികളാണ് സ്വകാര്യമേഖലയ്ക്ക് കൈമാറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഏതെല്ലാം സ്ഥാപനങ്ങളുടെ ഓഹരികളാണ് സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രോണിക്സ് ഉപഭോക്തൃ വസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്, കെമിക്കൽസ്, ഭക്ഷ്യസംസ്ക്കരണം എന്നീ വ്യവസായങ്ങളാണ് പ്രതിസന്ധി നേരിടുന്നത്. പരമ്പരാഗത വ്യവസായത്തിൽ കയറും, കൈത്തറിയും ഇതിൽപ്പെടും.

(സി) തദ്ദേശ വ്യവസായങ്ങളെ തകർക്കുന്ന ഉദാരവൽക്കരണത്തിന് സർക്കാർ എതിരാണ്.

(ഡി) മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് (കൊച്ചി) ന്റെ ഓഹരികൾ ഹിന്ദുസ്ഥാൻ ലിവർ ഏറ്റെടുത്തിട്ടുണ്ട്.

(ഇ) ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ഓഹരികൾ സ്വകാര്യമേഖലയ്ക്കു കൈമാറുന്നതിനേക്കുറിച്ച് ആലോചനയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly